**പതിനാലാം കേരള നിയമസഭ**

**19-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.183** | **02.03.2020-ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന പ്ലാൻ**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ: | | മറുപടി<br>**പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | 2019-ലെ തീരദേശ വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്നതിന് തിരുവനന്തപുരത്തെ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ചുമതലപ്പെടുത്തിയിട്ടുണ്ട്. 20.08.2019 ലെ G.O.(Rt) No.80/2019/Envt നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ (Coastal Zone Management Plan -CZMP) തയ്യാറാക്കി സമർപ്പിക്കുവാൻ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പ്ലാനിന്റെ കരട് തയ്യാറാക്കി സമർപ്പിക്കുന്നതിന് അനുവദിച്ചിരിക്കുന്ന സമയപരിധി എന്നുവരെയെന്ന് വ്യക്തമാക്കാമോ; | (ബി) | 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള 1:25000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാൻ 01.03.2020 നകവും, 1:4000 സ്കെയിലിലുള്ള കരട് തീരദേശ പരിപാലന പ്ലാൻ അതിനു ശേഷം ആറ് മാസത്തിനകവും സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| (സി) | കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുമ്പോൾ പരിഗണിക്കുന്നതിനായി കേരള തീരദേശ പരിപാലന അതോറിറ്റി ഏതെങ്കിലും തരത്തിലുള്ള അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (സി) സമർപ്പിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത കരട് പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റിക്ക് മുമ്പാകെ അവതരിപ്പിക്കുന്നതിനുള്ള സമയപരിധി എന്നുവരെയെന്ന് വ്യക്തമാക്കാമോ? | (ഡി) സമയപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ